## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2868 28/01/2014 ൽ മറുപടിയ്ക്ക്

## എൽ.പി.മുതൽ ഹൈസ്കൂൾ വരെയുള്ള പഠന സിലബസ് ഏകീകരിക്കലും വിദ്യാഭ്യാസ അവകാശ നിയമവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എൽ.പി മുതൽ ഹൈസ്കൂൾ വരെയുള്ള പഠന സിലബസ് ഏകീകരിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ? എങ്കിൽ എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | ഇല്ല. എന്നാൽ പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന് അനുസരിച്ചാണ് പുതിയ പാഠ്യപദ്ധതി തയ്യാറാക്കിവരുന്നത്. ഇതനുസരിച്ച് 2014-15 വർഷത്തിൽ 1, 3, 5, 7, 11 ക്ലാസുകളിലേക്കും 2015-16 വർഷത്തിൽ 2, 4, 6, 8, 12 ക്ലാസുകളിലേക്കും 2016-17 വർഷം 9, 10 ക്ലാസുകളിലേയും പരിഷ്ക്കരിച്ച പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും നടപ്പാക്കുന്നു. |
| ബി) സർക്കാർ എയ്ഡഡ് മേഖലയെ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഏകീകൃത സിലബസ് അംഗീകരിച്ച് അടിയന്തിരമായി നടപ്പാക്കുമോ ? | കേരളത്തിലെ സർക്കാർ എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നടപ്പാക്കാനും പഠനം പരിപോഷിപ്പിക്കുന്നതിനുമാണ് വിദഗ്ധ സമിതിയുടെയും, സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെയും നിർദ്ദേശ പ്രകാരം പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്ക്കരിച്ച് നടപ്പാക്കുന്നത്. ഏകീകൃത സിലബസ് നടപ്പാക്കാൻ തീരുമാനമില്ല |
| സി) വിദ്യാഭ്യാസ അവകാശ നിയമം എന്നു മുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് | സ.ഉ(പി)നം.100/2011/പൊ.വി.വ തീയതി 30/04/2011 (എസ്.ആർ.ഒ നം 291/11 തീയതി 6/5/2011)പ്രകാരം കേരളത്തിൽ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| ഡി) | ഇതിനായി അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിലുള്ള നടപടികൾ ഏത് ഘട്ടത്താലാണെന്ന് വ്യക്തമാക്കുമോ ? | സ.ഉ(സാധാ)നം.4027/13/പൊ.വി.വ തീയതി 1/10/2013 പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31/10/2013 വരെയായി ദീർഘിപ്പിച്ച് നൽകിയിരുന്നു. ലഭ്യമായ അപേക്ഷകളിൽ വിദ്യാഭ്യാസ അധികാരികളുടെ പരിശോധന പൂർത്തിയായി വരുന്നു.28/02/2014 നകം അർഹതയുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ